# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ   വാല്യം 4 ലക്കം 4

news@newsmanna.com www.newsmanna.com

050 3241610, 055 3969791   മാർച്ച് 2011




ആരാധനയ്ക്കായി സമർപ്പിക്കുന്ന ബ്രദറൺ ചർച്ച് സെന്ററിനു മന്നയുടെ ആശംസകൾ




*മുസഫയിൽ പണികഴിപ്പിച്ച ബ്രദറൺ ചർച്ച് സെന്റർ.*   *ഫോട്ടോ: സന്തോഷ് ഏബ്രഹാം.*

## ബ്രദറൺ ചർച്ച് സെന്റർ സമർപ്പണം



**അബുദാബി:** തലസ്ഥാനത്തെ വേർപെട്ട സഭകളുടെ സഹകരണത്തോടെ മുസഫയിൽ ബ്രദറൺ ക്രിസ്ത്യൻ അസംബ്ലി പണികഴിപ്പിച്ച ബ്രദറൺ ചർച്ച് സെന്ററിന്റെ ഉദ്ഘാടനവും സമർപ്പണ ശുശ്രൂഷയും മാർച്ച് 11 വെള്ളിയാഴ്ച നടക്കും. രാവിലെ ഒമ്പതിനു നടക്കുന്ന സമ്മേളനത്തിൽ ബ്രദറൺ സഭകളുടെ സീനിയർ ശുശ്രൂഷകനും പ്രഭാഷകനുമായ സുവി. എം.എം. സഖറിയ നിർവഹിക്കും. വേർപെട്ട മലയാളം സഭകളുടെ ഉടമസ്ഥതയിലുള്ള തലസ്ഥാനത്തെ ആദ്യ ആരാധനാലയമാണിത്. കഴിഞ്ഞ രണ്ടു വർഷം മുമ്പാരംഭിച്ച പണി മാസങ്ങൾക്കു മുമ്പു പൂർത്തിയായെങ്കിലും ചില സാങ്കേതിക കാരണത്താൽ ഉദ്ഘാടനം നീളുകയായിരുന്നു. 750 പേർക്ക് ഒരുമിച്ചിരുന്നു ആരാധിക്കാവുന്ന ഹാൾ അടക്കം എട്ടു ഹാളുകളാണ് സെന്ററിനുള്ളത്. ഈ ഹാളുകളിലായി ഏകദേശം 2500 പേർക്ക് ഇനി ഒരുമിച്ച് ആരാധിക്കാം.

അബുദാബി മാർത്തോമ്മാ പള്ളിക്കു സമീപമാണ് ചർച്ച് സെന്റർ. 1930 ജനുവരി 30നു ബ്രദർ വി.കെ. കുര്യന്റെ ഭവനത്തിൽ നാലു പേർ ചേർന്ന് ആരംഭിച്ച ബ്രദറൺ കൂട്ടായ്മയ്ക്ക് ഇന്ന് തലസ്ഥാനത്ത് രണ്ടു സഭകളിലായി നാനൂറോളം വിശ്വാസികൾ ഉണ്ട്. സഭയുടെ ശുശ്രൂഷാവൃന്ദത്തോടൊപ്പം വിവിധ കമ്മറ്റികളുടെ അശ്രാന്തപരിശ്രമമാണ് ഈ സംരംഭം വിജയത്തിലേക്കെത്തിച്ചത്. കമ്പനികളുടെ ക്യാമ്പുകൾ കൂടുതലായുള്ള പ്രദേശത്തെ ഈ ആരാധനാലയം കൂടുതൽ ആത്മീയ മുന്നേറ്റത്തിനു കാരണമാകുമെന്ന് ഉറപ്പാണ്. അടുത്താഴ്ച മുതൽ വിവിധ സഭകളുടെ ആരാധനകൾ ഇവിടെ ആരംഭിക്കും. ഈ രാജ്യത്തെ ഭരണാധികാരികളുടെ സന്മനസും ദൈവമക്കളുടെ പ്രാർഥനയുമാണ് ഇതിനു കാരണമായത്.

# കുട്ടികളിൽ മദ്യാസക്തി വളരുന്നു!

**കൊച്ചി:** ആൺ-പെൺ വ്യത്യാസമില്ലാതെ കൗമാരക്കാരായ കുട്ടികൾക്കിടയിൽ മദ്യാസക്തി വളരുന്നുവെന്ന് പഠനങ്ങൾ. ദി അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി ഓഫ് ഇന്ത്യയുടെ അസോസിയേഷൻ ഓഫ് സോഷ്യൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻ, കൊച്ചി അടക്കമുള്ള 10 പ്രധാന ഇന്ത്യൻ നഗരങ്ങളിൽ നടത്തിയ പഠനമാണ് ഗൗരവമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന ഈ വിവരം പുറത്തുകൊണ്ടുവന്നത്.

കഴിഞ്ഞ പത്തുവർഷങ്ങൾക്കിടയിൽ കൗമാരക്കാരുടെ കുടി 100 ശതമാനം വർധിച്ചിരിക്കുന്നു. 2010 ജൂലൈ-സെപ്റ്റംബർ കാലയളവിൽ കൊച്ചി, ഡെറാഡൂൺ, ചെന്നൈ, ഇൻഡോർ, ഹൈദരാബാദ്, പൂനെ, പാറ്റ്ന, ഡൽഹി, ചണ്ഡിഗഡ്, ഗോവ എന്നിവിടങ്ങളിലെ 15 നും 19 നുമിടയിൽ പ്രായമുള്ള കുട്ടികളിൽ നടത്തിയ സർവെയിൽ പങ്കെടുത്ത അഞ്ചിൽ ഒരാൾ (65 ശതമാനം) മദ്യം കഴിക്കുന്നവരാണെന്ന് വെളിപ്പെടുത്തി. കേരളത്തിലെ ഇപ്പോഴത്തെ മദ്യഉപയോഗത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ മഹാവിപത്ത് വിളിപ്പാട് അകലെയാണെന്ന് ഭയക്കേണ്ടിയിരിക്കുന്നു. മദ്യപാനം അമാന്യമായ ഒന്നല്ല എന്നും, സ്റ്റാറ്റസ് പ്രതീകമാണെന്നുമൊക്കെ വന്നതോടെ സ്വന്തം മക്കളുടെ ലഹരിയിടപാടുകൾ പോലും രക്ഷിതാക്കൾക്ക് ആശങ്ക ഉണർത്തുന്നില്ലെന്നതാണ് ദയനീയമായ കാര്യം. പന്ത്രണ്ടാം ക്ലാസ് വിദ്യാർഥികളിൽ 45 ശതമാനം കുട്ടികളും വീട്ടുകാർ അറിയാതെ അവരുടെ കൂട്ടുകാരുമൊത്ത് മദ്യപിക്കുന്നവരാണെന്നാണ് സർവെ കണ്ടെത്തിയത്.

മാതാപിതാക്കളിൽ നിന്ന് വിട്ട് ഹോസ്റ്റലുകളിലും മറ്റും താമസിക്കുന്ന കുട്ടികൾക്ക് അവരുടെ വിരസത മാറ്റാൻ ഇതു കൂടാതെ കഴിയുന്നില്ലെന്നാണ് പറയുന്നത്. ജന്മദിനം, യാത്രയയപ്പ്, വിനോദയാത്ര, മരണം, പരീക്ഷാവിജയം തുടങ്ങിയ അവസരങ്ങളിൽ 70% കുട്ടികളും കുടിയന്മാരാകുന്നു.

16% കുട്ടികളും പതിനഞ്ചു വയസ്സാകും മുമ്പ് മദ്യം പലപ്പോഴായി സേവിച്ചവരാണ്. പെൺകുട്ടികളുടെ കണക്കും ഞെട്ടിക്കുന്നതാണ്. പല നല്ല ദിവസങ്ങളിലും കൂട്ടുകാരോടൊപ്പം സന്തോഷത്തിന് ആദ്യപെഗ്ഗ് അകത്താക്കിയവരാണെന്ന് 40% പേരും സമ്മതിച്ചു.

കൗമാരക്കുടിക്ക് കാരണം കുട്ടികൾ പറയുന്നത് പ്രണയത്തിലെ കല്ലുകടിയും ക്ലാസ്മുറിയിലെ അസ്വാരസ്യവുമൊക്കെയാണെന്നാണ്.

കേരളീയ ഭവനങ്ങളിലെ സ്വീകരണമുറികളിലും തീൻമേശകളിലും മദ്യത്തിന് ലഭിച്ച മാന്യതയാണ് ഇളം മദ്യപാനികൾ ഇത്രയും കൂടുതലാകാൻ കാരണമെന്ന് പ്രമുഖ മനശാസ്ത്രജ്ഞൻ ഡോ. സി.ജെ. ജോൺ പറയുന്നു. കേരളത്തിൽ മദ്യപിക്കുന്നവരുടെ ശരാശരി പ്രായം 14 വയസ്സിലേക്ക് താഴുന്നുവെന്നത് ആശങ്കയ്ക്കിടയാക്കുന്ന കാര്യമാണ്. കൗമാരക്കാരുടെ മദ്യപാനത്തിലുണ്ടായ വർധന ഗൗരവതരവും ഭാവി പ്രത്യാഘാതങ്ങളുളവാക്കുന്നതുമാണെന്ന് 'പ്രതീക്ഷ' ലഹരിവിമുക്ത കേന്ദ്രത്തിലെ ഡോക്ടർ എം.പി. ജോൺസൺ പറയുന്നു. മുൻകാലങ്ങളിൽ ലഹരിക്കടിമപ്പെട്ട് ഞങ്ങളുടെ കേന്ദ്രത്തിലെത്തിയിരുന്നവരിൽ കേവലം ഒരു ശതമാനത്തോളം ആയിരുന്നു കൗമാരക്കാർ. എന്നാൽ ആ സ്ഥിതി മാറിയെന്ന് അദ്ദേഹം പറഞ്ഞു.



## 'മന്ന' മൂന്നാം വർഷത്തിലേക്ക്

എല്ലാ മാന്യവായനക്കാർക്കും ഹൃദയംനിറഞ്ഞ ആശംസകൾ!!

# അഴിമതിയിൽ മുങ്ങിത്താഴുന്നവർ

**വാർത്തയ്ക്കപ്പുറം**
**ഷിബു മുള്ളംകാട്ടിൽ**

ആണ്ടിമുത്തുരാജ എന്ന കേന്ദ്രമന്ത്രി പത്രപ്രവർത്തകനായ ഗോപീകൃഷ്ണനെ കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു. "ഞാൻ തമിഴൻ, നിങ്ങൾ മലയാളി. നമ്മൾ രണ്ടുപേരും ഡൽഹിയിൽ കിടന്ന് എന്തിനാണ് തമ്മിൽ തല്ലി നശിക്കുന്നത്. മുല്ലപ്പെരിയാറിലെ തണ്ണിയുടെ കാര്യത്തിലല്ലാതെ നമുക്കിടയിൽ എന്താണ് പ്രശ്നം? എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്?" ഗോപീകൃഷ്ണൻ വെറുതെ ചിരിച്ച് കേട്ടിരുന്നു. അന്നേരം രാജ ഉള്ളിലിരുപ്പ് കുറച്ചു കൂടി പുറത്തെടുത്തു. "ഒരു പതിനഞ്ചുവർഷം കഴിഞ്ഞാൽ ഞാൻ ഡൽഹി വിട്ട് തമിഴ്നാട്ടിലേക്ക് പോകും. അത്രയും കാലം മതി ഇവിടെ. എന്താ ഗോപിയുടെ പരിപാടി?"

"എനിക്കും കുറെക്കഴിഞ്ഞ് കേരളത്തിലേക്ക് തിരിച്ചു പോകണമെന്നുണ്ട്. ഒരു പത്തുവർഷം ഇവിടെ ജോലിചെയ്യണം" ഗോപീകൃഷ്ണൻ മറുപടി കൊടുത്തു.

അടുത്ത ചോദ്യം പെട്ടെന്നായിരുന്നു "ഇരുപത് വർഷത്തെ ശമ്പളം ഞാൻ ഇപ്പോൾത്തന്നെ തന്നാലോ?"

കേന്ദ്ര ടെലികോം മന്ത്രി എ. രാജ പയനിയർ പത്രത്തിന്റെ ലേഖകൻ ജെ. ഗോപീകൃഷ്ണന് ആദ്യം നിശ്ചയിച്ച വില ഇരുപത് വർഷത്തെ ശമ്പളം! തിരിച്ച് മറ്റൊന്നും കൊടുക്കേണ്ട. ഇടപാടുകളൊന്നും എഴുതാതിരുന്നാൽ മതി!! വഴങ്ങാതെ വന്നപ്പോൾ ഓഫർ കോടികളായി. പക്ഷെ, ഗോപിയുടെ കണ്ണ് മഞ്ഞളിച്ചില്ല. ഫലം, ഇന്ത്യ കണ്ട ഏറ്റവും വലിയ അഴിമതികളിൽ ഒന്നായ 2ജി സ്പെക്ട്രം ഇടപാടിന്റെ ഞെട്ടിപ്പിക്കുന്ന കഥ പുറംലോകം അറിഞ്ഞു. ഖജനാവിന് ഒന്നേമുക്കാൽ ലക്ഷം കോടിരൂപ നഷ്ടപ്പെടുത്തിയ അഴിമതിവീരൻ രാജ ഇപ്പോൾ തീഹാർ ജയിലിലാണ്. മാധ്യമം വാരികയാണ് ഗോപീകൃഷ്ണനുമായുള്ള പ്രത്യേക അഭിമുഖം പ്രസിദ്ധീകരിച്ചത്.

നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം അഴിമതിയാണ്. പണ്ട് വില്ലേജ് ഓഫീസർ 25 രൂപ കൈക്കൂലി വാങ്ങുന്നത് പിടിക്കപ്പെട്ടാൽ വൻ വാർത്തയായിരുന്നു. ഇന്ന് കോടികളുടെ അഴിമതികൾ സാധാരണ സംഭവമായിമാറ്റപ്പെടുന്നു. നമ്മുടെ കൊച്ചുകേരളത്തിൽ പോലും ഓരോ ദിനവും എന്തെല്ലാം അഴിമതിക്കേസുകളാണ് പുറത്തുവരുന്നത്. നീതിന്യായവ്യവസ്ഥയുടെ കാവൽഭടന്മാർ എന്നു വിശേഷിക്കപ്പെടുന്നവർക്ക് എതിരെവരെ ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നു. തെറ്റുകൾ പുറത്തുകൊണ്ടുവരേണ്ട മാധ്യമങ്ങളിൽ ചിലതും അഴിമതിയുടെ കണ്ണികൾ ആകുന്നു. ചുരുക്കിപ്പറഞ്ഞാൽ ജനാധിപത്യത്തിന്റെ നാലുതൂണുകളും അഴിമതിയിൽ പിടിക്കപ്പെട്ടാൽ പിന്നെ രാജ്യത്തിന്റെ അവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ.

74 ലക്ഷം കോടി രൂപയാണ് സ്വിസ് ബാങ്കുകളിൽ ഇന്ത്യക്കാർ നിക്ഷേപിച്ചിട്ടുള്ളത്. ഇന്ത്യയിൽ

> **പണംകൊണ്ട് കസേരയും പദവിയും ലഭിക്കും, പക്ഷെ ദൈവകൃപ വിദൂരത്താണ്. അത് വേണമെങ്കിൽ അനുതാപത്തോടെ ദൈവസന്നിധിയിൽ മുട്ടുമടക്കണം.**

ചെയ്തുകൊടുത്ത അഴിമതിയുടെ പ്രതിഫലമാണ് ഇതിൽ പലതും എന്നത് ഇനിയും പുറത്തുവരാനിരിക്കുന്ന സത്യമാണ്. അഴിമതി തടയാനുള്ള കാര്യക്ഷമമായ നിയമം നിർമിക്കുകയും അതുവിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ വിപത്തിൽ നിന്നും കരകയറുവാൻ കഴിയൂ.

ആത്മീയ പ്രസ്ഥാനങ്ങളിലും അഴിമതിയുടെ വിഷവിത്തുകൾ വ്യാപിക്കുന്നത് ഗൗരവമായി എടുക്കേണ്ടതാണ്. കടലാസ് സംഘടനകളുടെ പേരിലും ഇല്ലാത്ത പദ്ധതികളുടെ ലേബലിലും പണം പിടുങ്ങുന്നു. സുവിശേഷവ്യാപനത്തിനുവേണ്ടി നല്കുന്ന പണം വഴിതിരിച്ചുവിട്ട് സ്വന്തം കീശ വീർപ്പിക്കുകയാണ് ചില ആധുനിക അപ്പൊസ്തലന്മാർ. പല സഭാനേതാക്കന്മാർക്കും സ്വിസ്ബാങ്കിൽ നിക്ഷേപം ഉണ്ടെന്ന് അടുത്തയിടെ ഒരു വാർത്താമാധ്യമം റിപ്പോർട്ട് ചെയ്തിരുന്നു. "അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു" എന്ന പൗലൊസിന്റെ വാക്കുകൾ പ്രസക്തമാണ്. പ്രതിഫലേച്ഛകൂടാതെ ദീർഘവർഷങ്ങളായി കർത്തൃവേല ചെയ്യുന്നവർ പലപ്പോഴും അവഗണിക്കപ്പെടുന്നത് ഇത്തരക്കാർ മൂലമാണ്. ശരിയും തെറ്റും വിവേചിച്ചറിയുവാൻ പലപ്പോഴും നമുക്കു കഴിയുന്നില്ല.



നമ്മുടെ പ്രസ്ഥാനങ്ങളിൽ ദൈവാധിപത്യത്തെക്കാൾ പണാധിപത്യത്തിനാണ് പ്രഥമസ്ഥാനം. പണവും സ്വാധീനവും ഉണ്ടെങ്കിൽ ആർക്കും നേതൃത്വനിരയിൽ വരാം. ലക്ഷക്കണക്കിന് പണം വാരിയെറിഞ്ഞ് കസേര ഉറപ്പിക്കുന്നവർ ഒരിക്കൽ ന്യായാസനത്തിനു മുമ്പാകെ മറുപടി പറയേണ്ടിവരും എന്ന കാര്യം വിസ്മരിക്കരുത്. പണം കൊടുത്ത് ദൈവകൃപ വാങ്ങാം എന്ന മോഹവുമായി എത്തിയ ശീമോനോട് പത്രൊസ് ഇങ്ങനെയാണ് പ്രതികരിച്ചത്. "ദൈവത്തിന്റെ ദാനം പണത്തിന് വാങ്ങിക്കൊള്ളാം എന്നു നീ നിരൂപിക്കകൊണ്ട് നിന്റെ പണം നിന്നോടുകൂടെ നശിച്ചുപോകട്ടെ" (അപ്പൊ. 8: 20). മാത്രമല്ല ഈ വഷളത്വം വിട്ടു മാനസാന്തരപ്പെടുവാനും ഉപദേശിക്കുന്നു. ഓർക്കുക, പണംകൊണ്ട് കസേരയും പദവിയും ലഭിക്കും, പക്ഷെ ദൈവകൃപ വിദൂരത്താണ്. അത് വേണമെങ്കിൽ അനുതാപത്തോടെ ദൈവസന്നിധിയിൽ മുട്ടുമടക്കണം.

കള്ളനാണയങ്ങളെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തുവാനാണ് ഈ വിഷയം വിശ്വാസസമൂഹത്തിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. തുടർച്ചയായി വിദേശസന്ദർശനം നടത്തി ദൈവമക്കളെ തെറ്റിദ്ധരിപ്പിക്കുന്നവരുടെ ചതിക്കുഴിയിൽ വീഴാതെ സൂക്ഷിക്കണം. ആരെയും അന്ധമായി വിശ്വസിക്കുവാൻ പാടില്ല. അന്യായമായി പണം സമ്പാദിക്കുന്നവർ "എല്ലാം ദൈവികദാനം" എന്നു പുലമ്പുന്നതാണ് വിചിത്രം. താല്ക്കാലിക നേട്ടങ്ങൾക്കുവേണ്ടി അനീതിയും അഴിമതിയും നടത്തുന്നവർ ഒരുനാൾ പിടിക്കപ്പെടും. "ന്യായമായിട്ടല്ലാതെ പണം സമ്പാദിക്കുന്നവൻ, താൻ ഇടാത്ത മുട്ടയ്ക്ക് പൊരുന്നിരിക്കുന്ന തിത്തിരിപ്പക്ഷിയെപ്പോലെയാകുന്നു. അവന്റെ മധ്യായുസ്സിൽ അതു അവനെ വിട്ട് പോകും. ഒടുക്കം അവൻ ഭോഷനായിത്തീരും" (യിരെ. 17:11).

# മശിഹൈകഭരണത്തിന്റെ മണിമുഴക്കം

## ഭരണത്തിലെ അസ്ഥിരതയും മാറ്റങ്ങളും ലോകത്ത് ക്രിസ്തുഭരണം സമാഗതമായെന്ന സൂചനയാണ്

**തോമസ് തോന്നയ്ക്കൽ**

ഇത് ഭരണകൂടങ്ങൾ ഇളകിയാടുന്ന കാലം. രാജകീയ സിംഹാസനങ്ങൾ വിട്ടൊഴിഞ്ഞ മഹാരാജാക്കന്മാർ ജനാധിപത്യ സംവിധാനങ്ങൾക്ക് വഴിമാറിക്കൊടുത്തശേഷം അരിയിട്ട് വാഴ്ചനടത്തി സംതൃപ്തിയടയുന്നു. ഏകാധിപതികൾ ജനകീയ പ്രക്ഷോഭങ്ങൾക്ക് മുന്നിൽ പിടിച്ചുനില്ക്കാനാകാതെ പലായനം ചെയ്യുന്നു. കമ്യൂണിസത്തിന്റെ ഉരുക്കുകോട്ടകൾ തകർന്നടിഞ്ഞിടത്ത് ജനാധിപത്യം പൂവണിയുന്നു. അതേസമയം ജനാധിപത്യസംവിധാനങ്ങൾക്ക് വെല്ലുവിളികളും. ഇരുമ്പും കളിമണ്ണും കലർന്ന സങ്കരഭരണകൂടങ്ങൾ തകർന്നുവീഴുന്നു. ഒരു ഇളകാത്ത രാജ്യത്തിലേക്കുള്ള രാജപാതയാണ് ഭരണകൂടങ്ങൾ തകർന്നടിയുന്നിടത്ത് തുറക്കപ്പെടുന്നത്.

എബ്രായലേഖനകാരൻ എഴുതുന്നു "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട്..." (12: 28). ഹഗ്ഗായി പ്രവചനത്തിലെ രണ്ടു വാക്യങ്ങളെ പരാമർശിച്ചുകൊണ്ടാണ് അപ്പൊസ്തലൻ ഇളകാത്ത രാജ്യത്തെക്കുറിച്ച് പറയുന്നത്. "ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ട് ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും. സകലജാതികളുടെയും മനോഹരവസ്തു വരികയും ചെയ്യും..." (ഹഗ്ഗായി. 2: 6,7). സകലവും ഇളകി ആടുകയാണ്. ആകാശവും ഭൂമിയും കടലും കരയും സകലജാതികളും ഇളകുന്നു. ഇളക്കമില്ലാത്തതു നിലനില്ക്കേണ്ടതിനാണ് ഇപ്പോഴത്തെ ഈ ഇളക്കങ്ങൾ. ഒടുവിൽ സകല ജാതികളുടെയും മനോഹരവസ്തുവായ ക്രിസ്തു വെളിപ്പെടും.

ലോകരാഷ്ട്രങ്ങളുടെ തകർച്ചയെക്കുറിച്ചും മശിഹൈക ഭരണത്തെക്കുറിച്ചും ദാനിയേലിന്റെ പുസ്തകം വ്യക്തമാക്കുന്നു. രാജാവ് കണ്ട സ്വപ്നത്തിലെ ബിംബത്തിന്റെ തല തങ്കംകൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രംകൊണ്ടും തുട ഇരിമ്പുകൊണ്ടും കാൽപാതി ഇരിമ്പുകൊണ്ടുംപാതി കളിമണ്ണുകൊണ്ടും ആയിരുന്നു (ദാനി. 2: 31,32). രാജാവ് നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈതൊടാതെ ഒരു കല്ല് പറിഞ്ഞുവന്ന് ബിംബത്തെ തകർക്കുകയും കല്ലൊരു മഹാപർവതമായി മാറുകയും ചെയ്യുന്നു. ഇരിമ്പും കളിമണ്ണും എന്നത് പ്രത്യയശാസ്ത്രപരമായ യോജിപ്പില്ലാത്ത രാഷ്ട്രീയപാർട്ടികൾ ചേർന്ന ഭരണസംവിധാനങ്ങളാണ്. നിസ്സാരകാര്യങ്ങളുടെ പേരിൽ ഐക്യകക്ഷികൾ തകരുന്നത്ഇക്കാലത്തെ കാഴ്ചയാണ്. രാജകീയ ജനാധിപത്യ ഭരണകൂടങ്ങളെ തകർക്കുന്ന കല്ല് ക്രിസ്തുവാണ്. ക്രിസ്തു ലോകത്തെ വാഴുന്നതിനു മുന്നോടിയാണ് ഇപ്പോഴത്തെ രാഷ്ട്രീയസംഭവങ്ങൾ.

# ഐക്യതയും ആർദ്രതയും മുഖമുദ്രയാക്കാം

**വിജു അമ്പാട്ട്**

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്ന് ഐക്യതയാണ്. ഐക്യതയില്ലാതെ ക്രിസ്ത്യാനിത്വമില്ല. ക്രിസ്ത്യാനിത്വം പടുത്തുയർത്തിയിരിക്കുന്നത് ക്രിസ്തു സ്നേഹത്തിൽനിന്നും ഉളവായ ഐക്യതയിലൂടെയാണ്.

ഐക്യതയുടെ മൂലകാരണം യേശുവിന്റെ ആത്മാവാണ്. എവിടെ ഐക്യതയുണ്ടോ അവിടെ യേശുവിന്റെ ആത്മാവുണ്ട്. യേശുവിന്റെ ആത്മാവിലൂടെ ആദ്യമുളവാകുന്നത് സ്നേഹമാണ്. അത് വെറും മാനുഷിക സ്നേഹമല്ല. അതായത് ദൈവസ്നേഹം. ദൈവസ്നേഹത്തിൽ ഐക്യതയും കൂട്ടായ്മയും ആർദ്രതയും ആത്മബലിയും ഉണ്ട്. ക്രിസ്തുവിന്റെ സ്നേഹത്തിൽ ഇതെല്ലാം ഉണ്ടായിരുന്നു. ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ ഉരുവാകുന്നത് ക്രിസ്തുവിൽ ജനിക്കുന്നതിലൂടെയാണ്. ജനിച്ചവർ വളരണം. ക്രിസ്തുവിനോടു ചേർന്ന് വളരണം. കർത്താവ് മുന്തിരിവള്ളിയും നാം കൊമ്പുകളുമാണ് (യോഹ. 15:5). ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെന്ന് കർത്താവ് വ്യക്തമാക്കുന്നു. ശാഖകൾ തായ്ത്തടികളുമായി ബന്ധപ്പെട്ടിരിക്കുന്നു. തായ്ത്തടി ബന്ധത്തിലൂടെ മാത്രമേ ശാഖയ്ക്കു വളരുവാനാകൂ. ഈ ബന്ധത്തിലൂടെ വളരെ ഫലം കൊടുക്കാനാവും. തായ്മരത്തിന്റെ ഗുണങ്ങളാണ് ശാഖയിലൂടെ ഫലത്തിലുണ്ടാകുന്നത്. ഇവിടെ തായ്മരം ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ജനം ശാഖകളും. ക്രിസ്തുവിൽ വസിക്കുന്നവർക്കു ക്രിസ്തുവിന്റെ സ്വഭാവങ്ങളുണ്ടായിരിക്കും. "നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നുവരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല" (റോമ. 8:9).

ക്രിസ്തുവിന്റെ ആത്മാവുള്ളവനിൽ ഐക്യതയും ആർദ്രതയുമുണ്ട്. അനൈക്യതയും ഭിന്നതയും മാത്സര്യവും ഉളവാകുന്നത് ജഡസ്വഭാവത്തിൽനിന്നാണ്. ജഡീകരുടെ തേരാളി പിശാചാണ്. ആത്മീയർക്കിടയിലെ പിശാചിന്റെ ഏജന്റുമാരാണ് ജഡീകർ. ജഡീകർക്ക് ആരോടും ഐക്യപ്പെടാനാവില്ല. അവർ താഴ്മപ്പെടുകയില്ല. അനൈക്യത അവരുടെ സ്വഭാവത്തിന്റെ മുഖമുദ്രയാണ്. ഇത്തരക്കാരെ അവരുടെ ഫലത്താൽ തിരിച്ചറിയുക (മത്തായി 7:20). എന്നാൽ നമ്മിൽ വേണ്ടത് ക്രിസ്തുവിന്റെ സ്വഭാവമാണ്. അതിൽ ഐക്യതയും ആർദ്രതയും ഉണ്ട്. ഈ ഗുണങ്ങൾ നമുക്കു മുഖമുദ്രയാക്കാം.

For Advertisements & News Publishing Please Contact: 050-3241610, 055-3969791



ബൈബിൾ ക്വിസ് മത്സരത്തിൽ വിജയികളായവർ.

## നവതി എക്യുമിനിക്കൽ ബൈബിൾ ക്വിസ് ഷാർജാ ഐ.പി.സി. വർഷിപ്പ്സെന്റർ ജേതാക്കൾ

**അബുദബി:** ബസേലിയോസ് മാർത്തോമാ ദിദിമോസ് പ്രഥമൻ വലിയ കാതോലിക്കാബാവയുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി ചിറമേൽ കുടുംബയോഗം യു.എ.ഇ. ചാപ്റ്റർ സംഘടിപ്പിച്ച എക്യുമെനിക്കൽ ബൈബിൾ ക്വിസ്മത്സരത്തിൽ ഷാർജ സെന്റ് ഗ്രിഗോറിയോസ് മാർത്തമറിയം സമാജത്തെ പ്രതിനിധീകരിച്ച് അന്നമ്മ വർഗീസ്-വത്സമ്മ ചാക്കോ ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

ഷാർജ ഐ.പി.സി. വർഷിപ്പ് സെന്ററിനെ പ്രതിനിധീകരിച്ച് മനോജ് ഏബ്രഹാം- നാൻസി ഏബ്രഹാം സഖ്യം രണ്ടാം സ്ഥാനവും, ഫുജറ സെന്റ് ഗ്രിഗോറിയോസ് മാർത്തമറിയം സമാജത്തെ പ്രതിനിധീകരിച്ച് സാലി ബാബു- അന്നമ്മ വർക്കി സഖ്യം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക വികാരി ഫാ. ജോർജ് ഏബ്രഹാം ഉദ്ഘാടനകർമം നിർവഹിച്ചു. കുടുംബയോഗം യു.എ.ഇ. ചാപ്റ്റർ പ്രസിഡന്റ് അനിൽ സി. ഇടിക്കുള അധ്യക്ഷത വഹിച്ചു. സെക്രട്ടറി ബോബി കരിമ്പിൽ, ട്രഷറാർ ബിനു പാട്ടത്തിൽ, ഏബ്രഹാം തോമസ്, മൈക്കിൾ വർഗീസ്, ഏബ്രഹാം നൈനാൻ, റെജി ഫിലിപ്പ്, ഇടവക സെക്രട്ടറി വർഗീസ് ലൂക്കോസ് എന്നിവർ പ്രസംഗിച്ചു. പ്രമോദ് ജോർജ് മത്സരം നിയന്ത്രിച്ചു.

## റൈറ്റേഴ്സ് ഫോറം സെമിനാർ മാർച്ച് 26ന്

**ഷാർജ:** ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 26നു വൈകിട്ട് 8 മണിക്ക് ഷാർജ യൂണിയൻ ചർച്ചിൽ സെമിനാർ നടക്കും. പാസ്റ്റർ ബാബു ജോർജ് പത്തനാപുരം മുഖ്യപ്രഭാഷണം നടത്തും. 'ദർശനത്തിന്റെ ആവശ്യകത ഇന്നിന്റെ തലമുറയിൽ' എന്നതാണ് ചിന്താവിഷയം,



ഡോ. കെ.ഓ. മാത്യു സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

## ചർച്ച് ഓഫ് ഗോഡ് റീജിയൻ യൂത്ത് സണ്ടേസ്കൂൾ സമ്മേളനം

**അബുദാബി:** ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. റീജിയൻ യുവജന വിദ്യാർഥി ഏകദിന സമ്മേളനം നടന്നു. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. റീജിയൻ നാഷണൽ ഓവർസീയർ ഡോ. കെ.ഓ. മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജോൺസൻ കെ. ശാമുവേൽ അധ്യക്ഷത വഹിച്ചു. ഇവാ. ദാനിയേൽ വില്യംസ് മുഖ്യപ്രഭാഷണം നടത്തി.

## കർത്തൃസന്നിധിയിൽ



**ദുബായ്:** ഐ.പി.സി. ഏബനേസർ സഭാംഗം ആലുവ പറവൂർ സ്വദേശി ജോസി (43) ഫെബ്രുവരി 23നു കർത്തസന്നിധിയിൽ ചേർക്കപ്പെട്ടു. ദുബായ് TOLL ഗ്രൂപ്പ് ജീവനക്കാരനായിരുന്നു. സംസ്കാരം മാർച്ച് നാലിനു നാട്ടിൽ നടന്നു. ഭാര്യ: റീന. മകൻ: കെവിൻ. ദുബായിൽ നടന്ന ശുശ്രൂഷകൾക്ക് സഭാശുശ്രൂഷകൻ പാസ്റ്റർ കെ.വൈ. തോമസ് നേതൃത്വം നൽകി.

## മുസഫയിൽ ഹിന്ദി കൂട്ടായ്മ

**അബുദബി:** മുസഫ ചർച്ച് സെന്ററിൽ "മസിഹി സംഗതി" എന്ന പേരിൽ ഹിന്ദി-ഉറുദു പെന്തെക്കോസ്തു കൂട്ടായ്മ ആരംഭിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 8 മുതൽ 10 വരെ നടക്കുന്ന ഈ ഫെലോഷിപ്പിൽ ഹിന്ദി, ഉറുദു ഭാഷ അറിയാവുന്ന ഏവർക്കും പങ്കെടുക്കാം. ഉത്തരേന്ത്യക്കാരുടെ ഇടയിലെ സുവിശേഷീകരണവും, കൂട്ടായ്മയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'മസിഹി സംഗതി'യുടെ ഉദ്ഘാടനം ഈ മാസം 18 ന് രാത്രി 8 ന് പാസ്റ്റർ ജോയി ഏബ്രഹാം നിർവഹിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 0507290148, 0506136574സ 0506894072

## ഐ.സി.പി.എഫ് ഏകദിന വിദ്യാർഥി ക്യാമ്പ് ഏപ്രിൽ 2ന്

**അബുദബി:** ഇന്റർ കോളജിയേറ്റ് പ്രെയർ ഫെലോഷിപ്പ് (ഐ.സി.പി.എഫ്.) അബുദബി ചാപ്റ്റർ സംഘടിപ്പിക്കുന്ന വിദ്യാർഥി ക്യാമ്പ് ഏപ്രിൽ 2 ന് ഇവാഞ്ചലിക്കൽ സെന്ററിൽ നടക്കും. രാവിലെ 9 മുതൽ 4 വരെയാണ് ക്യാമ്പ്. ജെറിൻ ജോസഫ്, ഇവാ. ജിഫി യോഹന്നാൻ, ഡോ. ജോസഫ് ജോർജ്, അനിൽ ഇലന്തൂർ എന്നിവർ നേതൃത്വം നല്കും. കൂടുതൽ വിവരങ്ങൾക്ക്: 0503241610, 0507921729

## കർമേൽ ഐ.പി.സി. ആരാധന 17 മുതൽ

**അബുദബി:** മുസഫ കേന്ദ്രമായി പ്രവർത്തിക്കുന്ന കർമ്മേൽ ഐ.പി.സി. ബ്രദറൺ ചർച്ച് സെന്ററിൽ ആരംഭിക്കുന്ന ആരാധനയുടെ ഉദ്ഘാടനം മാർച്ച് 17 ന് രാത്രി 8ന് ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് നിർവ്വഹിക്കും. സഭാശുശ്രൂഷകൻ പാസ്റ്റർ എം.എം. തോമസ് അധ്യക്ഷത വഹിക്കും. സഭയുടെ ആരാധന എല്ലാ വ്യാഴാഴ്ചകളിൽ രാത്രി 8 മണി മുതലും ഉപവാസപ്രാർഥന വെള്ളിയാഴ്ച രാവിലെ 10 മുതലും നടക്കും.

കൂടുതൽ വിവരങ്ങൾക്ക്: 050 3133826



അബുദബി ഐ.എ.സി. ഓഡിറ്റോറിയത്തിൽ നടന്ന പവർവിഷൻ സംഗീതോത്സവത്തിൽ പ്രശസ്ത ക്രൈസ്തവ സംഗീതജ്ഞരായ അനിൽകാന്തും ശ്രേയാകാന്തും പാടുന്നു.

## ഐ.പി.സി. ഏബനേസർ ആരാധന പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം ചെയ്യും



**അബുദബി:** ഐ.പി.സി. ഏബനേസർ സഭയുടെ മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ ആരംഭിക്കുന്ന ആരാധനയുടെ ഉദ്ഘാടനം മാർച്ച് 24 ന് രാത്രി 8ന് നടക്കും. ഐ.പി.സി. ദേശീയ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനം നിർവഹിക്കും. ഐ.പി.സി. യു.എ.ഇ. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൻ ജോസഫ് അധ്യക്ഷത വഹിക്കും. സഭയുടെ ശുശ്രൂഷകൻ പാസ്റ്റർ ജോർജ് സി. മാത്യുവിന്റെ നേതൃത്വത്തിൽ ചെറിയ കൂട്ടായ്മയായി ആരംഭിച്ചതായ ഈ സഭയ്ക്ക് ഇന്ന് മുന്നൂറോളം വിശ്വാസികൾ ഉണ്ട്.

പാസ്റ്റർ ജോർജ് സി. മാത്യുവിനോടൊപ്പം പാസ്റ്റർ ജേക്കബ് ശാമുവേൽ ഇവാ. റ്റി.എം. ഏബ്രഹാം, ഇവാ. തോമസ് എം. തോമസ് എന്നിവർ സഭയ്ക്ക് നേതൃത്വം നല്കുന്നു. സഭയുടെ ആരാധനകൾ എല്ലാ വ്യാഴാഴ്ചകളിലും രാത്രി 8 മുതൽ 10.30 വരെയും, വെള്ളിയാഴ്ചകളിൽ രാവിലെ 10.30 മുതൽ 12.30 വരെയും നടക്കും. കൂടുതൽ വിവരങ്ങൾക്ക്: 0507213965, 0503332

## ഷാർജയിൽ സാജു നയിക്കുന്ന ഫാമിലി സെമിനാർ

**ഷാർജ:** വിവിധ ക്രൈസ്തവ സഭകളിലെ യുവജനങ്ങൾ നേതൃത്വം നല്കുന്ന 'ബേസിക്ക്' ഒരുക്കുന്ന ദ ക്രിസ്ത്യൻ ഫാമിലി സെമിനാർ മാർച്ച് 12 ന് ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1 വരെ നടക്കുന്ന സെമിനാറിൽ പ്രശസ്ത സുവിശേഷകനും പ്രഭാഷകനും ജീസസ് മിഷൻ അമരക്കാരനുമായ ബ്രദർ സാജു മാത്യു പ്രസംഗിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0553011603, 0554775420



# പ്രസ്ഥാനവത്കരിക്കപ്പെടുന്ന ആത്മീയത

**രാജി റ്റെൻസിൽ**

**പൂ**ർവ്വപിതാക്കന്മാർ വിലകൊടുത്ത് വാങ്ങിയ വിശ്വാസത്തിന്റെ തണലിൽ, അത്രയധികമൊന്നും കഷ്ടപ്പെടാതെ യേശുകർത്താവ് നമുക്ക് തന്ന സൗജന്യരക്ഷയുടെ സന്തോഷം അനുഭവിക്കുവാൻ ഭാഗ്യം ലഭിച്ച ഞാനും നിങ്ങളും ഉൾപ്പെട്ട സമൂഹം ആത്മീയതയ്ക്ക് കൊടുത്തിരിക്കുന്ന നിർവ്വചനം എന്താണ്? ആത്മീയത, ഒരു പ്രസ്ഥാനത്തിനോ, ഒരു പ്രത്യേക വിഭാഗത്തിനോ മാത്രം അവകാശപ്പെടാൻ കഴിയുന്ന ഒന്നല്ല. അതുപോലെ തന്നെ ഒരു പ്രത്യേക സഭയുടെ അംഗം ആയതുകൊണ്ട് മാത്രം, വിശ്വാസി എന്ന പദത്തിന് അർഹനാവുന്നില്ല. ഈ ലോകത്തിന് തന്നെ മാതൃകയാവേണ്ട നമ്മുടെ സമൂഹം തന്നെ സാക്ഷ്യമില്ലാത്തവരായിത്തീർന്നാൽ അത് എത്ര ശോചനീയമാണ്?

പുറമേ, മാനസാന്തര വേഷപ്പകർച്ചയുടെ വെള്ളക്കുപ്പായമണിഞ്ഞ് അകം മുരടിച്ചുപോയ അവസ്ഥ. മാനസാന്തരം മുരടിച്ച ഹൃദയവിചാരങ്ങൾ, ജഡികമനുഷ്യന്റെ വിചാരങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കില്ല. മുരടിപ്പിന്റെ കാഠിന്യം അനുസരിച്ച് പരിശുദ്ധാത്മാവിന്റെ ഉണർത്തിപ്പിന്റെ സ്പർശനം നമുക്ക് അറിയാൻ കഴിയാതെ പോകുന്നു.

അതിഥിയായി കടന്നുവന്ന പാസ്റ്റർ ഉണർത്തുമ്പോൾ ഉള്ള കൈയ്യടിയും, ഒരുമിനിട്ട് അന്യഭാഷയും, അതുമല്ലെങ്കിൽ താളവാദ്യങ്ങൾ മുഴക്കുമ്പോൾ അതിനോടൊപ്പം സഹകരിക്കുകയും താളവാദ്യങ്ങൾ നില്ക്കുമ്പോൾ അതേ വേഗതയിൽ നിർത്തുകയും ചെയ്യുന്ന അന്യഭാഷയാണ്, അഭിഷേകത്തിന്റെ ഏറ്റവും വലിയ മാനദണ്ഡം എന്ന് തെറ്റിദ്ധരിക്കപ്പെട്ട് അന്ധമായ ഒരു ആത്മീക കാഴ്ചപ്പാടിൽ കടന്നുപോവുകയല്ലേ നമ്മിൽ പലരും...

യഥാർഥ അഭിഷേകം എന്താണ്? നിന്റെ കൂട്ടുസഹോദരനെ കർത്താവ് പറഞ്ഞ അതേ അളവിൽ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലും അവനും ആ ഒരപ്പത്തിന്റെ അംശികൾ എന്നു ചിന്തിച്ച് സഹകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ നമ്മിലുള്ളത് ആരുടെ അഭിഷേകമാണ്? നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല എന്നുറക്കെ പ്രസംഗിക്കുകയും ഉരുവിട്ട് പ്രാർഥിക്കുകയും ചെയ്തിട്ട് മൗനമായും അല്ലാതെയും പരസ്പരം യുദ്ധം ചെയ്യുന്ന നമ്മുടെ സമൂഹം.

ഐക്യതയോടെ യേശുവിനുവേണ്ടി നില്ക്കുവാൻ കൂട്ടുസഹോദരങ്ങളുടെ വിഷയങ്ങൾ ഐക്യതയോടെ ഏറ്റെടുത്ത് പ്രാർഥിപ്പാൻ ... ആത്മാർഥതയോടെ യേശുവിന് ജയം വിളിക്കുവാൻ ഏറ്റവും കടപ്പെട്ട സമൂഹമല്ലേ നമ്മൾ.

പുറത്തെ പരസ്യമായുള്ള രാഷ്ട്രീയ പോരാട്ടത്തെക്കാളും മൗനമായി നമ്മുടെ ഇടയിൽ നടക്കുന്ന പോരാട്ടങ്ങൾ മൂലം വിശ്വാസത്തിൽ ക്ഷീണിച്ചുപോകുന്ന എത്രയോ ജീവിതങ്ങൾ. അഭിഷിക്തന്മാരാൽ അമർത്തപ്പെടുന്ന എത്രയോ വിശ്വാസികൾ. അതുമല്ലെങ്കിൽ വിശ്വാസികളാൽ അമർത്തപ്പെടുന്ന എത്രയോ അഭിഷിക്തന്മാർ... പ്രസംഗിച്ച് തീരുന്നതിന് മുമ്പേ ഇടയന് മാർക്കിടുന്ന ആടുകൾ. ഈ രക്ഷാസന്തോത്തിലേക്ക് തങ്ങളെ നടത്തിയവരെ വളരെ വേഗം മറന്നുപോകുന്നവർ. ഇതെല്ലാം നമ്മുടെ സമൂഹത്തിന്റെ വർധിച്ചുവരുന്ന പ്രത്യേകതകളല്ലേ?

മൂർച്ചയില്ലാത്ത കത്തികൊണ്ട് ഒരു മരത്തെ ചെത്തിവെടിപ്പാക്കുവാൻ ശ്രമിക്കുമ്പോൾ തന്റെ കത്തിക്ക് മൂർച്ചയില്ലെന്നറിഞ്ഞിട്ടും അതുൾക്കൊള്ളുവാൻ കഴിയാതെ ഒരു പൊത്തുപൊരുത്ത വിശ്വാസവുമായി മുന്നോട്ട് പോകുകയല്ലേ നമ്മിൽ പലരും. ലോകം നമ്മെപ്പറ്റി സാക്ഷ്യം പറയട്ടെ. നമുക്ക് പ്രത്യേകത ഉള്ളവരാണ് പ്രിയരെ.. നമ്മുടെ പ്രത്യേകത നമ്മോട് സഹകരിക്കുന്നവർക്ക് മനസ്സിലായില്ലെങ്കിൽ ഉടൻതന്നെ സ്വയം ശോധനചെയ്യണം. എവിടെയോ നമുക്കു തെറ്റിയിട്ടുണ്ട്. നമ്മുടെ ജീവിതം ഒരു സാക്ഷ്യമായി മാറട്ടെ.

'ഞാൻ വരുമ്പോൾ ഞാൻ ഇച്ഛിക്കാത്തവിധത്തിൽ നിങ്ങളെ കാണുകയും, നിങ്ങൾ ഇച്ഛിക്കാത്ത വിധത്തിൽ എന്നെ കാണുകയും ചെയ്യുമോ എന്നും, പിണക്കം, ഈർഷ്യ, ക്രോധം, ശാഠ്യം, ഏഷണി, കുശുകുശുപ്പ്, നിഗളം, കലഹം എന്നിവ ഉണ്ടാകുമോ എന്നും, ഞാൻ വീണ്ടും വരുമ്പോൾ എന്റെ ദൈവം എന്നെ നിങ്ങളുടെ ഇടയിൽ താഴ്ത്തുവാനും പാപം ചെയ്തിട്ട് തങ്ങൾ പ്രവർത്തിച്ച അശുദ്ധി, ദുർന്നടപ്പ്, ദുഷ്കാമം എന്നിവയെക്കുറിച്ച് മാനസാന്തരപ്പെടാത്ത പലരെയും ചൊല്ലി ഖേദിപ്പാനും സംഗതിവരുമോ എന്നും ഞാൻ ഭയപ്പെടുന്നു' (2 കൊരി. 12: 20,21). പൗലൊസിനുണ്ടായ അതേ ചിന്ത ഇന്ന് കർത്താവിന് നമ്മെ പറ്റിയില്ലേ?

നമ്മുടെ പ്രവൃത്തികളോ, സഹകരണമോ, കർത്താവിനെ ആഗ്രഹിക്കുന്ന ഒരു വ്യക്തി നമ്മുടെ സമൂഹത്തിൽ കടന്നുവരുന്നതിന് തടസ്സം ആകരുത്. ഒരു സമൂഹത്തിനോ വ്യക്തികൾക്കോ നമ്മുടെ ആത്മീയ വളർച്ചയ്ക്കോ ഉണർവിനോ തടയിടുവാൻ ദൈവവചനത്തിൽ വ്യവസ്ഥയില്ല. ദൈവസ്നേഹത്തിൽ ആത്മീയവർധനയ്ക്ക് വചനവ്യവസ്ഥയിൽ ചെയ്യുന്നതെല്ലാം അംഗീകരിക്കുവാനും ബഹുമാനിക്കുവാനും നമുക്ക് കഴിയണം. നമ്മുടെ കർത്താവ് ഈ ഭൂമിയിൽ ഒരു സഭയും സ്ഥാപിച്ചിട്ടില്ല. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ജീവന്റെ പുസ്തകത്തിൽ അംഗമാകുവാൻ ദൈവവചനവ്യവസ്ഥപ്രകാരം ജീവിച്ചാൽ നിങ്ങളും ഞാനും ദൈവസഭയാകും. പ്രസ്ഥാനങ്ങൾക്കതീതമായി സമൂഹത്തെ സ്നേഹിക്കുവാൻ നമുക്ക് കഴിയണം. ഒരു അഭിഷിക്തന് മറ്റൊരു അഭിഷിക്തനെയും ഒരു സഭയ്ക്ക് മറ്റൊരു സഭയെയും സ്നേഹിക്കുവാനും ബഹുമാനിക്കുവാനും കഴിയണം. 'എന്നെ ഞാൻ പൊടിയോളം താഴ്ത്തുന്നു കർത്താവേ' എന്നു പ്രാർഥിക്കുമ്പോൾ പൊടി എന്ന പദാർഥത്തിന്റെയും താഴ്ത്തുന്നു എന്ന ക്രിയയുടെയും പ്രത്യേകത നമ്മൾ ചിന്തിക്കണം. യഥാർഥ താഴ്മ ഉള്ളിൽ വന്നാൽ നാം പൊടിയോട് സമമായാൽ നമ്മുടെ സഹജീവികൾ നമ്മെക്കാൾ ഉയർന്നവരാകും. അവരെ നാം അറിയാതെ തന്നെ ബഹുമാനിക്കില്ലേ?

ഫലമുള്ള മാവിലല്ലേ ഏറിന്റെ ശല്യമുണ്ടാവൂ. നമ്മൾ ഫലമുള്ളവർ ആകുമ്പോൾ ശത്രുവിന്റെ ശ്രദ്ധ മുഴുവനും നമ്മിലാവും. അവന്റെ ചതിക്കുഴി തിരിച്ചറിഞ്ഞ് ദൈവസ്നേഹത്തിൽ നിലനില്ക്കുവാനുള്ള ദൈവകൃപയാണ് പുതിയതും പഴയതും, വർഷങ്ങളുടെ പഴക്കം അവകാശപ്പെടുന്നതുമായ വിശ്വാസികൾ ആഗ്രഹിക്കേണ്ടത്. മനുഷ്യപുത്രൻ വെളിപ്പെടുന്ന നാളിൽ വിശ്വാസം കണ്ടെത്തുന്ന സമൂഹമായി നിലകൊള്ളുവാൻ ദൈവം സഹായിക്കട്ടെ.



# ബൈബിൾ പരിഭാഷ: ഒരു ദൈവീകദൗത്യം

ഹൃദയത്തിന്റെ ഭാഷയാണ് മാതൃഭാഷ. വിദേശമിഷനറിമാരുടെ കഠിനപ്രയത്നത്തിന്റെ ഫലമായാണ് നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ബൈബിൾ ലഭിച്ചത്. ഇന്നും നൂറുകണക്കിന് പ്രാദേശിക ഭാഷകളിൽ ബൈബിൾ ലഭ്യമല്ല എന്ന യാഥാർഥ്യം നാം തിരിച്ചറിയണം!

ദൈവികദർശനവും സമർപ്പണവും ഒത്തുചേർന്നാൽ മാത്രമേ ബൈബിൾ പരിഭാഷ എന്ന മഹത്തായ ശുശ്രൂഷ നിർവഹിക്കുവാൻ കഴിയൂ. ഒരായുസ്സ് മുഴുവൻ ഈ ശുശ്രൂഷയ്ക്ക് വേണ്ടി മാറ്റിവെച്ച അപ്രശസ്തരായ എത്രയോ മിഷനറിമാർ നമുക്കുണ്ട്. ഭാരതസുവിശേഷീകരണത്തിന്റെ വ്യാപ്തിയിൽ അവർ വഹിക്കുന്ന പങ്ക് നിർണായകമാണ്.

ബൈബിൾ പരിഭാഷ എന്നത് വളരെ ശ്രമകരമായ ദൗത്യമാണ്. ഗ്രാമഗ്രാമാന്തരങ്ങൾ കയറിയിറങ്ങി അവരുടെ ഭാഷയും സംസ്കാരവും വശമാക്കണം. മാത്രമല്ല ആ ഭാഷയിൽ നല്ല പദസമ്പത്ത് ഉണ്ടാകണം. നിരന്തരമായ പരിശ്രമത്തിലൂടെ മാത്രമേ ഇവ നേടുവാൻ കഴിയൂ. അതുകൊണ്ടാണ് ബൈബിൾ പരിഭാഷ പൂർണസമർപ്പണം ഉള്ളവർക്കു മാത്രം ചെയ്യുവാൻ കഴിയുന്ന ശുശ്രൂഷയാകുന്നത്. ദീർഘമായ നാളുകൾ പ്രാർഥനയുടെയും കഠിനാധ്വാനത്തിന്റെയും ഫലമായാണ് പരിഭാഷ പൂർത്തീകരിക്കുവാൻ കഴിയുന്നത്. പുതിയനിയമം പരിഭാഷപ്പെടുത്തുവാൻ കുറഞ്ഞത് 12 വർഷമെങ്കിലും വേണ്ടിവരും. വീണ്ടും 20 വർഷമെങ്കിലും ശ്രമിച്ചെങ്കിൽ മാത്രമേ പഴയനിയമം പൂർത്തീകരിക്കുവാൻ കഴിയൂ.

## ദൈവികനിയോഗത്തോടെ വിജിയും മിനിയും

എഞ്ചിനീയറിംങ് ബിരുദധാരിയായ മാവേലിക്കര സ്വദേശി വിജി മാത്യുവിന് ദൈവം നല്കിയ നിയോഗമാണ് ബൈബിൾ പരിഭാഷ. ബാംഗ്ലൂരിൽ പ്രശസ്തമായ ഒരു മൾട്ടിനാഷണൽ കമ്പനിയിലെ ഉദ്യോഗം രാജിവെച്ച് കർത്തൃശുശ്രൂഷയ്ക്കായി വേർതിരിച്ചു. ബൈബിൾ പരിഭാഷയിൽ പ്രത്യേകം പ്രാവീണ്യം നേടിയ ഭാര്യ മിനിയോടൊപ്പം ഒന്നര പതിറ്റാണ്ടായി ഈ ശുശ്രൂഷ നിർവഹിക്കുന്നു.



ആന്ധ്രയുടെയും ഒറീസയുടെയും അതിർത്തിയിൽ ഒരു ലക്ഷത്തിലധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ‘കോണ്ടഡോറാസ്’ സമൂഹത്തിലാണ് ഈ സുവിശേഷദമ്പതികൾ കർമ്മനിരതരാകുന്നത്. 2006 ൽ കോണ്ടഭാഷയിൽ പുതിയനിയമ പരിഭാഷ പൂർത്തീകരിച്ചത് നാഴികക്കല്ലായി. ഇപ്പോൾ പഴയനിയമം പരിഭാഷപ്പെടുത്തുന്ന ശുശ്രൂഷയിലാണ് വിജിയും മിനിയും. മാത്രമല്ല, അവിടെ സഭകൾ സ്ഥാപിക്കുവാനും ഗ്രാമങ്ങളിലെ വികസനപ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുവാനും ഇവർക്ക് കഴിയുന്നു. ഡേവ്, ഡാനാ എന്നിവർ മക്കളാണ്.


IPC Carmel Church, Mussafah, Abu

Invitation



കർത്താവിൽ പ്രിയരേ,

അബുദാബി മുസഫയിലെ പ്രഥമ പെന്തെക്കോസ്തു സഭയായ കർമേൽ ചർച്ച് മുസഫ ബ്രദറൺ ചർച്ച് സെന്ററിൽ ആരംഭിക്കുന്ന ആരാധനയുടെ ഉദ്ഘാടനം മാർച്ച് 17ന് രാത്രി എട്ടിന് ഐ.പി.സി. റീജിയൻ പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് നിർവഹിക്കും. കർമേൽ വോയിസിന്റെ നേതൃത്വത്തിൽ പ്രത്യേക സംഗീത ആരാധന ഉണ്ടായിരിക്കും. ഈ ആരാധനയിലേക്ക് ഏവരെയും സാദരം സ്വാഗതം ചെയ്തുകൊള്ളുന്നു.

എന്നു സഭയ്ക്കുവേണ്ടി ക്രിസ്തുവിൽ

**എം.എം. തോമസ്, ഇവാ. എ. ജോസഫ്**
**ഫോൺ 050 3133826, 055 9433150,**
**050 3120740, 055 4139567**




Fellowship of Bible Translators - UAE

കൺവൻഷൻ 2011

പ്രസംഗകർ



Pr. Gnanads Danam
(Principal SVS TVM)



Evg. Vigi Mathew
(Bible Translator)

UNION CHURCH, SHARJAH
Date: 24th March Thursday
8 pm to 10 pm
Hall No: 1

ST. ANDREWS CHURCH, ABUDABI
APRIL 8 FRIDAY
8 PM TO 10 PM

WALK WITH JESUS
(Dicipleship & Christian Leadership Training Program)
2011 March 19,21,22,23
Union Church, Sharjah
Hall No: 3
Time: 8 pm to 10 pm

സുവിശേഷതൽപരരും സമർപ്പിതരുമായ 40 പേർക്ക് ഈ പ്രോഗ്രാമിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കും. താത്പര്യമുള്ള സഹോദരീസഹോദരന്മാർ പേര് രജിസ്റ്റർ ചെയ്യുന്നതിനു താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

Co-ordinator: Freddy George 050 7962795

Email: fellowship4b@gmail.com

Entrance will be through free registration

Registration and Enquiries:

Giji John Samuel
050 7695598 (Shj)

Shaji Kaduvettoor
050 7563302 (Shj)

Shibu Mullamkattil
050 3540676 (Dubai)

Daniel William
050 7921729 (A.D)

P.C. Glenny
050 3241610 (Al-Ain)

With best compliments from

MALABAR MINISTRIES

With the passion for the lost in Malabar...
www.lovemalabar.com

# താഴ്മയുടെ സച്ചിൻ സ്റ്റൈൽ



**റോജിൻ പൈനുംമൂട്**

പ്രശസ്തിക്കും പദവികൾക്കും പുരസ്കാരങ്ങൾക്കും ഒക്കെ പുറകെ ആളുകൾ പരക്കം പായുമ്പോൾ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഓണററി ഡോക്ടറേറ്റ് നിരസിച്ചുകൊണ്ട് വ്യത്യസ്തനാവുകയാണ് പ്രശസ്ത ക്രിക്കറ്റ് താരം സച്ചിൻ തെൻഡുൽക്കർ. എന്തു വിലകൊടുത്തും പദവികൾ നേടുവാൻ ഒരുങ്ങിയിരിക്കുന്നവർക്ക് മാതൃകയാവുകയാണ് ഈ ക്രിക്കറ്റ് താരം. സർവകലാശാലയുടെ തീരുമാനത്തെ താൻ ബഹുമാനിക്കുന്നു. എങ്കിലും പ്രൊഫഷണൽ ക്രിക്കറ്റിൽ സജീവമായതുകൊണ്ടാണ് ഡോക്ടറേറ്റ് വേണ്ടെന്നുവെച്ചതെന്നാണ് സച്ചിൻ പറഞ്ഞത്. ഇതിനു മുമ്പും ചില സർവകലാശാലകൾ നല്കാനിരുന്ന ഓണററി ഡോക്ടറേറ്റുകളും നിരസിച്ചിട്ടുണ്ട്. എന്ത് മാതൃക അല്ലേ? തികച്ചും കരണീയമായ മാതൃക തന്നെ. ഇങ്ങനെയൊക്കെ തീരുമാനിക്കാനും പ്രവർത്തിക്കാനും നമുക്കും കഴിഞ്ഞിരുന്നെങ്കിൽ അല്ലേ?

സച്ചിൻ പലകാര്യത്തിലും മാതൃകയാക്കേണ്ട ഒരു വ്യക്തിത്വം തന്നെയാണ്. അദ്ദേഹത്തിന്റെ എളിമ, താഴ്മ, വിനയം, ഒക്കെ ലോകപ്രശസ്തമാണല്ലോ. പ്രശസ്തിയുടെയും സമ്പന്നതയുടെയും അത്യുന്നതിയിൽ നില്ക്കുമ്പോഴും അതിൽ ഒട്ടും തന്നെ അഹങ്കരിക്കാതെയുള്ള സച്ചിന്റെ മനോഭാവം നമ്മിലും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനേ, അതുകൊണ്ട് സച്ചിനെ എളിമയുടെ കാര്യത്തിൽ മാതൃകയാക്കുന്നതിൽ ഒരു തെറ്റും ഇല്ല.

ക്രിക്കറ്റിൽ അനേകം ലോക റെക്കോർഡുകൾ സച്ചിന്റെ പേരിലുണ്ട്. ടെസ്റ്റിലും ഏകദിനത്തിലും കൂടുതൽ റൺസ്, കൂടുതൽ മാച്ചുകൾ കളിച്ച കളിക്കാരൻ, കൂടുതൽ സെഞ്ചുറികൾ, അർധ സെഞ്ചുറികൾ എന്നു വേണ്ട ഓരോ കളിയിലും താൻ പുതിയ റെക്കോർഡുകളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. എളിമ മുദ്രാവാക്യമായെടുത്ത ജീവിതത്തിലൂടെ.

മറ്റു താരങ്ങൾ ഒക്കെ വിവാദങ്ങളിലും പന്തയക്കുരുക്കുകളിലും ഒക്കെ പെട്ടപ്പോൾ സച്ചിൻ അവിടെയും വ്യത്യസ്തനാവുകയായിരുന്നു. പരസ്യത്തിൽ അഭിനയിക്കുന്നതിലൂടെ കോടിക്കണക്കിനു രൂപയാണ് സച്ചിന്റെ പോക്കറ്റിൽ എത്തിച്ചേരുന്നത്.

തിരക്കുപിടിച്ച മുംബയ് നഗരത്തിൽ ജലദൗർലഭ്യം ഉണ്ടായപ്പോൾ സച്ചിനും കുടുംബാംഗങ്ങളും കാണിച്ച മാതൃകയും പ്രശംസനീയമാണ്. പ്രതിദിനം 4200 മില്യൻ ലിറ്റർ വെള്ളം വേണം മുംബയ് നഗരവാസികൾക്ക് ഒരു ദിവസത്തെ ഉപയോഗത്തിന്. ഒരു ബക്കറ്റ് വെള്ളത്തിൽ കുളിക്കാൻ സച്ചിനും കുടുംബാംഗങ്ങളും തയ്യാറായപ്പോൾ ബാത്ത്ഷവറിനു കീഴിൽ മൂളിപ്പാട്ടും പാടി കുളിച്ചിരുന്നവർക്ക് മാറിചിന്തിക്കാൻ അവസരം ഒരുങ്ങി. "പാനി കി രക്ഷാ, മുംബയ് കി സുരക്ഷാ" എന്ന പ്രചാരണപരിപാടിയുമായ് സച്ചിൻ വന്നപ്പോൾ പ്രതിഗാനം പാടി അനേകർ അദ്ദേഹത്തിന്റെ മാതൃക അനുകരിച്ചു.

ആരാധകർക്കിടയിൽ സച്ചിന്റെ വിദ്യാഭ്യാസയോഗ്യതയിൽ ഒരിക്കലും ഉത്ക്കണ്ഠയില്ലായിരുന്നു. പതിനാറാം വയസ്സിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറിയ സച്ചിൻ പഠനരംഗത്ത് ഒരു പരാജയം തന്നെയായിരുന്നു. പന്ത്രണ്ടാംക്ലാസ് പരീക്ഷയിൽ, ക്രിക്കറ്റ് ഭാഷയിൽ ഒരു സിക്സർ കൂടി നേടിയിരുന്നുവെങ്കിൽ കടമ്പ കടന്നേനേ (ആറുമാർക്കിനാണ് പരീക്ഷയിൽ തോറ്റത്).

സച്ചിനെക്കുറിച്ച് എന്തു കുറ്റം പറയാൻ, എങ്കിലും തന്നെക്കാൾ പ്രായക്കൂടുതലും വിദ്യാഭ്യാസവുമുള്ള അഞ്ജലിയെ വിവാഹം കഴിക്കുമ്പോൾ മാധ്യമങ്ങൾ ഇതൊക്കെ പറഞ്ഞ് വിവാദങ്ങൾക്ക് തിരികൊളുത്താൻ ശ്രമിച്ചിരുന്നു. എന്നാൽ അത് പെട്ടെന്ന് കെട്ടടങ്ങി. കുട്ടികളുടെ ഡോക്ടറായ അഞ്ജലിയും മക്കളായ സാറയ്ക്കും അർജുനും ഒപ്പം സമാധാനജീവിതം നയിക്കുന്ന സച്ചിൻ കുടുംബജീവിത ഭദ്രതയിലും മാതൃകയാവുന്നു. അനേകം പ്രശസ്തരുടെ കുടുംബജീവിതങ്ങൾ ശിഥിലമായ വേളയിലാണ് ഇതെന്നോർക്കണം.

സെഞ്ചുറികൾ നേടുമ്പോഴും റെക്കോർഡുകൾ മറികടക്കുമ്പോഴുമൊന്നും അമിതാഹ്ലാദം കാണിക്കാത്ത വ്യക്തിത്വമാണ് സച്ചിൻ. സെഞ്ചുറികൾ നേടുമ്പോൾ ബാറ്റ് ഉയർത്തി ആകാശത്തേക്കു നോക്കുന്ന സച്ചിനെ നമുക്ക് മറക്കുവാനേ കഴിയില്ല. ഇതും മാതൃകയാക്കേണ്ട ഒരു സ്വഭാവമഹിമ തന്നെ.

ക്യാപ്റ്റൻസിയിൽ സച്ചിൻ തികച്ചും ഒരു പരാജയം തന്നെയായിരുന്നു. താൻ നായകനായിരുന്ന കളികളിൽ തുടരെ തുടരെ തോൽവി അണഞ്ഞപ്പോൾ ആ സ്ഥാനം ത്യജിക്കുവാനെടുത്ത തീരുമാനവും മാതൃകാപരം. അധികാരക്കൊതി പൂണ്ട ഇന്നത്തെ ലോകത്തിൽ സ്ഥാനമാനങ്ങളിൽ കടിച്ചുതൂങ്ങിനില്ക്കുന്ന നേതാക്കന്മാർക്ക് മാതൃകയാവുകയാണ് സച്ചിൻ ഇവിടെ.

ഇരുനൂറിൽപരം അന്തേവാസികൾ ഉള്ള മുംബെയിലെ അപ്നാലയ എന്ന അഗതി മന്ദിരത്തിന്റെ പ്രവർത്തനങ്ങളിൽ ഭാര്യാമാതാവ് അന്നാബെൽ മേത്തയ്ക്കൊപ്പം പ്രവർത്തനങ്ങളിൽ സജീവമാകാനും. ട്വിറ്ററിലൂടെ ക്രൂസേഡ് എഗസ്റ്റ് കാൻസർ എന്ന പദ്ധതിയുടെ പത്തേകാൽ കോടി നേടിയതും സമ്പന്നരുടെ ഇടയിൽ മാതൃകയായി.

ഈ വരുന്ന ഏപ്രിൽ 24 ന് 38 വയസ്സ് തികയുന്ന സച്ചിൻ ഇനിയും ക്രിക്കറ്റ് നന്നായി കളിക്കട്ടെ തന്റെ കളിയിലൂടെ ഇന്ത്യയ്ക്ക് ലോകക്കപ്പ് ലഭിക്കട്ടെ എന്ന് ആശംസിക്കുമ്പോഴും അംഗീകാരങ്ങളിലും പദവികളിലും അഹങ്കരിക്കാതെ ശാന്തരായി ജീവിതത്തിന്റെ ക്രീസിൽ യാത്ര തുടരുവാൻ സച്ചിനെപ്പോലെ നമുക്കും കഴിയില്ലേ?

അർഹതയില്ലാത്ത സ്ഥാനത്ത് തീർത്തും യോഗ്യരല്ലാത്ത നമ്മെ ദൈവം അനവധി സ്ഥാനങ്ങളും നന്മകളും നല്കി മാനിച്ചതിൽ അഹങ്കരിക്കാതെ ജീവിതത്തിന്റെ ഇന്നിംഗ്സ് പൂർത്തീകരിച്ച് സ്വർഗരാജ്യം പൂകുവാൻ കർത്താവ് സഹായിക്കട്ടെ.

"എന്നാൽ അവൻ അധികം കൃപ നല്കുന്നു. അതുകൊണ്ട് ദൈവം നിഗളികളോട് എതിർത്തു നില്ക്കുകയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു" (യാക്കോ. 4: 6).

***നോബോൾ:*** *ബാറ്റിംഗിലും ബൗളിംഗിലും വലംകൈയനായ സച്ചിൻ തെൻഡുൽക്കർ എഴുതുന്നത് ഇടംകൈകൊണ്ടാണ്. വലംകൈ കൊടുക്കുന്നത് ഇടംകൈ അറിയരുതെന്നല്ലേ പ്രമാണം.*





2011 മാർച്ച് 11 നു ഉദ്ഘാടനം
നിർവഹിക്കപ്പെടുന്ന
ബ്രദറൺ ചർച്ച് സെന്ററിന്

ഐ.പി.സി. ഏബനേസറിന്റെ
ഹൃദ്യമായ ഭാവുകങ്ങൾ

അബുദബി ബ്രദറൺ ക്രിസ്ത്യൻ അസംബ്ലിയുടെ ഈ സംരംഭത്തിൽ പങ്കാളികളായ ഞങ്ങൾക്കും ഇത് അഭിമാനത്തിന്റെ നിമിഷങ്ങൾ.

മുസഫ പട്ടണത്തിലെ
പ്രഥമ പെന്തെക്കോസ്തു സഭയായ
ഐ.പി.സി. ഏബനേസറിനു സ്വന്തമായി
ആരാധനാഹാൾ എന്ന സ്വപ്നം
ഇവിടെ പൂവണിയുന്നു.

എല്ലാ വ്യാഴാഴ്ചകളിലും
രാത്രി 8.00 മുതൽ 10.30 വരെയും
വെള്ളിയാഴ്ചകളിൽ
രാവിലെ 10.30 മുതൽ 12.30 വരെയും
ഞങ്ങൾ ഇവിടെ സമ്മേളിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക


Pr. George C. Mathew
050 7213965


Pr. Jacob Samuel
050 3332358


Evg. T.M. Abraham
050 7825315


Evg. Thomas M. Thomas
050 6625343






ലൗവ് മലബാർ ലഹരിവിരുദ്ധ ബോധവത്ക്കരണ റാലിയിൽ നിന്ന്.

## ലൗ മലബാർ ബോധവത്ക്കരണ സമ്മേളനങ്ങൾ സമാപിച്ചു

**കോഴിക്കോട്:** മലബാറിനെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന മലബാർ മിനിസ്ട്രി സംഘടിപ്പിച്ച ലൗവ് മലബാർ ലഹരിവിരുദ്ധ ബോധവത്ക്കരണ സമ്മേളനങ്ങൾ സമാപിച്ചു. മലബാറിന്റെ വിവിധ ജില്ലകളായ പാലക്കാട്, മലപ്പുറം, കാസർഗോഡ്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച സമ്മേളനങ്ങളിലും റാലിയിലും നൂറുകണക്കിനുപേർ പങ്കെടുത്തു.

പാസ്റ്റർ പ്രകാശ് സ്റ്റീഫൻ ടീം ലീഡറായി പ്രവർത്തിച്ചു. പാസ്റ്റർമാരായ കെ.കെ. മാത്യു, കെ.ജെ. ജോബ്, സിബി പുനലൂർ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു. ഇവാ. ജോണി ജോസഫിന്റെ നേതൃത്വത്തിലുള്ള ഈ മിനിസ്ട്രിക്ക് ഒരു അനാഥശാലയടക്കം വിവിധ പ്രവർത്തനങ്ങൾ ഉണ്ട്.

## അൽഐനിൽ മ്യൂസിക്ക്നൈറ്റ്

**അൽഐൻ:** അൽഐൻ ശാലേം എ.ജിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 24ന് അൽഐൻ ഫ്യൂച്ചർ ഇൻർനാഷണൽ സ്കൂൾ ഓഡിറ്റോറിയത്തിൽ മ്യൂസിക്ക് നൈറ്റ് സംഘടിപ്പിക്കും. പ്രശസ്ത സുവിശേഷപ്രഭാഷകൻ എ.ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ പി.എസ്. ഫിലിപ്പ് മുഖ്യസന്ദേശം നല്കും. ഈ പരിപാടിക്ക് അൽഐനിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് യാത്രാസൗകര്യം ഒരുക്കിയിട്ടുണ്ടെന്ന് സഭാശുശ്രൂഷകൻ പാസ്റ്റർ സാബു ലൂയിസ് അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: 0551603424, 055862001







ASSEMBLIES OF GOD
ALL THE GOSPEL
AG
Salem Assembly of God Church
Al Ain
Presents
Music Night
Powered by
www.psalmsradio.com
Venue
Future International School Auditorium - Al Ain
Near Bus Station- Mezyad Road
Date
24th March Thursday
Time
7.30pm to 10.pm
Orchestration by:
Shalom Voice in association with
Middle East Christian Youth Ministries
Message:
Rev. P.S Philip
Superintendent A.G
Malayalam District Council
For More Details:
Pr. Sabu Louis- 055-160 3424, 050-465 6316
Pr. Zachariah Abraham - 050-352 3132
Email:salemagalain@emirates.net.ae,
Web:-www.salemagalain.org
Transportation within Al Ain
will be available upon request.
Contact: 055-862 1000
STRICTLY FOR PRIVATE CIRCULATION ONLY
Best Compliments:
Tecpro Solutions L.L.C.
AL AIN
ABU DHABI
DUBAI
computer niche L.L.C.
total IT solutions provider
FOOD fun RESTAURANT
Chinese
Continental
Indian Etc.